# ഭരണഭാഷ - മാതൃഭാഷ


**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം**

dtekerala@gmail.com

04712561307


**<u>നടപടിക്രമം</u>**

വിദ്യാഭ്യാസം - സാങ്കേതിക വിദ്യാഭ്യാസം - ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം - ജീവനക്കാര്യം (ഡി) - ശ്രീ.മഞ്ജുനാഥ്.സി.ആർ, ക്ലാർക്ക്, സർക്കാർ പോളിടെക്ക്നിക്ക് കോളേജ്, മട്ടന്നൂർ,കണ്ണൂർ - കേരള സർവ്വീസ് ചട്ടങ്ങൾ ഭാഗം I അനുബന്ധം XII എ - ശൂന്യവേതനാവധി - ദീർഘിപ്പിച്ച്- ഉത്തരവ് - പുറപ്പെടുവിക്കുന്നു.

---

ജീവനകാര്യം (ഡി) വിഭാഗം

നം: ED1/29680/19/ഡി.ടി.ഇ തിരുവനന്തപുരം , തീയതി: 02.08.2023

---

വായന:- 1.01.12.2012 ലെ സ.ഉ (പി) നം.656/2012/ധന നമ്പർ സർക്കാർ ഉത്തരവ്

2.05.11.2020 ലെ സ.ഉ (പി) നം.152/2020/ധന നമ്പർ സർക്കാർ ഉത്തരവ്

3.30.12.2020 ലെ 83/2020/ധന നമ്പർ സർക്കാർ പരിപത്രം

4.09.06.2022 ലെ 44/2022/ധന നമ്പർ സർക്കാർ പരിപത്രം

5.02.08.2019 ലെ ഈ കാര്യാലയത്തിലെ ഇതേ നമ്പർ ഉത്തരവ്

6.11.07.2021 ലെ ഈ കാര്യാലയത്തിലെ ഇതേ നമ്പർ ഉത്തരവ്

7.24.04.2023 ലെ ശ്രീ.മഞ്ജുനാഥ്.സി.ആർ,ക്ലാർക്കിൻറെ ശൂന്യവേതനാവധി അപേക്ഷ

8.15.05.2023 ലെ സി/1375/19/ജിപിസി - എംടിഎൻആർ നമ്പർ കത്ത്

**<u>ഉത്തരവ്</u>**

മട്ടന്നൂർ സർക്കാർ പോളിടെക്ക്നിക്ക് കോളേജിലെ ക്ലാർക്ക് ശ്രീ.മഞ്ജുനാഥ്.സി.ആർ - ന രാജ്യത്തിനകത്ത് ജോലിയിൽ ഏർപ്പെടുന്നതിന് കേരള സർവീസ് ചട്ടങ്ങൾ ഭാഗം I പരിശിഷ്ടം XII എ പ്രകാരം 07.08.2019 മുതൽ 06.08.2021 വരെയും തുടർന്ന 07.08.2021 മുതൽ 06.08.2023 വരെയും വായന (5), (6) ഉത്തരവുകൾ പ്രകാരം ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവായിരുന്നു.

ടി അവധിയ്ക്ക് തുടർച്ചയായി 07.08.2023 മുതൽ 06.08.2024 വരെയുള്ള ഒരു വർഷത്തേക്ക് കൂടി ശൂന്യവേതനാവധി ദീർഘിപ്പിക്കണമെന്ന ടിയാൻറെ വായന (7) അവധി അപേക്ഷയും, അനുബന്ധങ്ങളും; ശിപാർശ സഹിതം വായന (8) പ്രകാരം സ്ഥാപന മേധാവി ലഭ്യമാക്കിയിരുന്നു.

മേൽസാഹചര്യത്തിൽ മട്ടന്നൂർ സർക്കാർ പോളിടെക്ക്നിക്ക് കോളേജിലെ ക്ലാർക്ക് ശ്രീ.മഞ്ജുനാഥ്.സി.ആർ - ന (പെൻ - 796226) രാജ്യത്തിനകത്ത് ജോലിയിൽ ഏർപ്പെടുന്നതിന് വായന (5), (6) ഉത്തരവുകൾ പ്രകാരം അനുവദിച്ചിരുന്ന ശൂന്യവേതനാവധി കാലയളവ്, കേരള സർവീസ് ചട്ടങ്ങൾ ഭാഗം I അനുബന്ധം XII എ ചട്ടങ്ങൾക്ക് വിധേയമായും, സൂചന സർക്കാർ ഉത്തരവുകൾ, പരിപത്രം എന്നിവകൾ അനുസരണവും, 07.08.2023 മുതൽ 06.08.2024 വരെയുള്ള ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് നൽകി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം (2) ലെ സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം ഭാഗം-I, കേരള സർവ്വീസ് ചട്ടങ്ങളിലെ അനുബന്ധം-XIIA പ്രകാരം അനുവദിക്കാവുന്ന പരമാവധി ശൂന്യവേതനാവധി 5 വർഷമായി നിജപ്പെടുത്തിയിട്ടുള്ള സാഹചര്യത്തിൽ ശ്രീ.മഞ്ജുനാഥ്. സി.ആർ. ന് ഈ ഉത്തരവ് പ്രകാരം അനുവദിക്കുന്ന അവധിയുമുൾപ്പെടെ ടി ചട്ടങ്ങളിൽ നിഷ്കർഷിക്കും പ്രകാരം 5 വർഷത്തെ ശൂന്യവേതനാവധി

Draft #3 of File ED1/29680/19/DTE Approved by Director (in-charge) on 02-Aug-2023 09:22 AM - Page 1

പൂർത്തീകരിക്കുമെന്നതിനാൽ ടി അവധി തീരുന്നതായ 06/08/2024 അപരാഹ്നത്തിന് മുൻപായി അവധിയ്ക്ക് ശേഷം ടിയാൻ ജോലിയിൽ തിരികെ പ്രവേശിക്കേണ്ടതും, ടി തീയ്യതിയ്ക്ക് ശേഷം ടിയാൻ അവധിയിൽ തുടരുന്ന സാഹചര്യമുളവായാൽ ആയത് ടിയാൻ അനധികൃതമായി ജോലിയിൽ നിന്നും വിട്ടുനിൽക്കുന്നതായി പരിഗണിച്ച് തുടർനടപടികൾ കൈക്കൊള്ളുന്നതാണ്.

അവധി ആർജ്ജനം, ഇൻക്രിമെൻറ്, ഗ്രാറ്റുവിറ്റി, പെൻഷൻ, സീനിയോറിറ്റിയുമായി ബന്ധപ്പെട്ട ഉദ്യോഗകയറ്റം മുതലായ എല്ലാ സർവീസ് അനുകൂല്യങ്ങളും ടി ശൂന്യവേതനാവധി കാലയളവിൽ ടിയാന് നഷ്ടമാകുന്നതാണ്.

ടി പ്രകാരം അനുവദിക്കപ്പെട്ട ശൂന്യവേതനാവധി കാലയളവ് അവസാനിച്ചയുടൻ ജോലിയിൽ തിരികെ പ്രവേശിക്കേണ്ടതും, അല്ലാത്ത പക്ഷം 1960 ലെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും, നിയന്ത്രണവും, അപ്പീലും) ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുള്ള നടപടിക്രമം പാലിച്ചതിന് ശേഷം ടിയാൻറെ സേവനം അവസാനിപ്പിക്കുന്നതുമാണ്.

ടി പ്രകാരം അനുവദിക്കപ്പെട്ട ശൂന്യവേതനാവധി റദ്ദ് ചെയ്തോ / ശൂന്യവേതനാവധി കാലഘട്ടം അവസാനിച്ചോ സേവനത്തിൽ തിരികെ പ്രവേശിക്കുന്നതിനായി ചുരുങ്ങിയത് രണ്ട് മാസത്തിനു മുൻപായി ഉചിത മാർഗ്ഗേണ വകുപ്പ് മേധാവിക്ക് അപേക്ഷ നൽകേണ്ടതാണ്.

ടി വിവരങ്ങൾ ടിയാൻറെ സേവന പുസ്തകം/സ്പാർക്ക്/എംഐഎസ് എന്നിവകളിൽ യഥാവിധി അടയാളപ്പെടുത്തേണ്ടതാണ്.

ഒപ്പ് /-

ഡോ. രാജശ്രീ എം.എസ്
ഡയറക്ടർ (ഇൻ ചാർജ്)

സ്വീകർത്താവ്

1. ശ്രീ.മഞ്ജുനാഥ്. സി.ആർ., ക്ലാർക്ക് (അവധിയിൽ), സർക്കാർ പോളിടെക്നിക്ക് കോളേജ്, മട്ടന്നൂർ (മട്ടന്നൂർ സർക്കാർ പോളിടെക്നിക്ക് കോളേജ് പ്രിൻസിപ്പൽ മുഖാന്തിരം)
2. പ്രിൻസിപ്പൽ, സർക്കാർ പോളിടെക്നിക്ക് കോളേജ്, മട്ടന്നൂർ
3. കരുതൽ ഫയൽ/ആഫീസ് കോപ്പി

**Approval Valid**

Digitally Approved By
ഡോ. രാജശ്രീ എം.എസ്
Date: 02.08.2023
Reason: Approved

The document is digitally approved. Hence signature is not needed.

Draft #3 of File ED1/29680/19/DTE Approved by Director (in-charge) on 02-Aug-2023 09:22 AM - Page 2